# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 535 30-06-2016-ന് മറുപടിയ്ക്ക്**

## വനം വകുപ്പ് സർവ്വെ

**ചോദ്യം** **മറുപടി**

ശ്രീ. പാറക്കൽ അബ്ദുള്ള

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗ സംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വനം വകുപ്പിന്റെ സർവ്വെ റിപ്പോർട്ടുകൾ നിശ്ചിത സമയത്ത് ലഭിക്കാത്തത് മൂലം ടി വകുപ്പുമായി ബന്ധപ്പെട്ട വിവിധ കോടതി കളിലുള്ള കേസുകളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സർവ്വെ റിപ്പോർട്ടുകൾ നിശ്ചിത സമയത്ത് ലഭിക്കാത്തത് മൂലം വിവിധ കോടതികളിലുള്ള കേസുകളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമില്ല. |
| (ബി) | എങ്കിൽ ഇതു പരിഹരിക്കുന്ന തിനായി വനം വകുപ്പിന് സ്വന്തമായി സർവ്വെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | സർവ്വെയർമാരുടെ കുറവ് പരിഹരിക്കുന്നതിനായി 30 പേർ ഉൾക്കൊള്ളുന്ന നാലു ബാച്ചുകളിലായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വെ വകുപ്പിന്റെ കീഴിൽ സർവ്വെ പരിശീലനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവ് പ്രകാരം, 2 ബാച്ചുകളിലായി 60 പേരുടെ ട്രെയിനിംഗ് പൂർത്തിയായിട്ടുണ്ട്. ടി പരിശീലനത്തിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കിയവരെ വനാതിർത്തി നിർണ്ണയിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. മൂന്നാമത് ബാച്ചിന്റെ പരിശീലനം ഇപ്പോൾ നടന്നു |

| | | | |
|---|---|---|---|
| | | | വരികയാണ്. കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് - 1964-റൂൾ-101 ഷെഡ്യൂളിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ കൂടി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

A.Sitthaf

**സെക്ഷൻ ഓഫീസർ**